# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1116/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പായം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1116/2025 തീയ്യതി: 27/09/2025

## കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2024 മുതൽ 20-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജ്യോതിഷ് കുമാർ സി.വി. | ഡെപ്യൂട്ടി ഡയരക്ടർ | 21-06-2025 | 01-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2025 | 01-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജിമ എ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അഖിൽ മോഹൻ.ടി.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.രജനി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ സന്തോഷ് കെ.ജി.,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 31-12-2024 |
| ശ്രീ മധു എം.പി. | സെക്രട്ടറി | 01-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ്യ എം.സി. | അസിസ്റ്റന്റ് എഞ്ചിനീയർ–ഇൻ–ചാർജ്ജ് | 01-04-2024 | 13-01-2025 |
| ശ്രീ രാജേഷ് കെ.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 14-01-2025 | 31-03-2025 |
| ഡോ.ചെന്നകേശ്വർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.നിഷ പി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീ അരവിന്ദാക്ഷൻ | ഹെഡ്മാസ്റ്റർ | 01-04-2024 | 16-06-2024 |
| ശ്രീമതി ജെയ്സ്ന ജയകുമാരി എ.ജെ. | ഹെഡ്മാസ്റ്റർ | 17-06-2024 | 31-07-2024 |
| ശ്രീമതി പ്രസീത എം. | ഹെഡ്മാസ്റ്റർ | 01-08-2024 | 31-01-2025 |
| ശ്രീമതി ജെയ്സ്ന ജയകുമാരി എ.ജെ. | ഹെഡ്മാസ്റ്റർ | 01-02-2025 | 23-02-2025 |
| ശ്രീമതി ലളിത കെ.എം. | ഹെഡ്മാസ്റ്റർ | 24-02-2025 | 31-03-2025 |
| ശ്രീ വിനീഷ് വർഗ്ഗീസ് | വി.ഇ.ഒ.(വിളമന) | 01-04-2024 | 01-10-2024 |
| ശ്രീ കെ.എം.രസിത്ത് | വി.ഇ.ഒ.(വിളമന) | 10-10-2024 | 20-12-2024 |
| ശ്രീ ബബേഷ് കുമാർ വി.കെ. | വി.ഇ.ഒ.(വിളമന) | 21-12-2024 | 31-03-2025 |
| ശ്രീ അജിത്ത് കുമാർ പി.കെ. | വി.ഇ.ഒ.(പായം) | 01-04-2024 | 31-03-2025 |
| ശ്രീമതി ഗ്രീഷ്മ കെ. | ICDS സൂപ്പർവൈസർ | 01-04-2024 | 20-08-2024 |
| ശ്രീമതി റസിയ ടി. | ICDS സൂപ്പർവൈസർ | 21-08-2024 | 31-03-2025 |
| ശ്രീ സന്തോഷ് കെ.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.സിന്ധൂര കെ. | വെറ്റിനറി സർജ്ജൻ | 01-04-2024 | 29-09-2024 |
| ഡോ.ബിനോയ് | വെറ്റിനറി സർജ്ജൻ | 30-09-2024 | 31-03-2025 |
| ശ്രീ ഷിന്റോ അലക്സ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി രേഖ കെ.ജെ | കൃഷി ഓഫീസർ | 01-04-2024 | 07-11-2024 |
| ശ്രീമതി അശ്വതി പി | കൃഷി ഓഫീസർ | 08-11-2024 | 31-03-2025 |
| ഡോ.നിട്ടു തോമസ് | മെഡിക്കൽ ഓഫീസർ (FHC) | 01-04-2024 | 31-03-2025 |
| ശ്രീമതി സരിത കെ.വി. | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 05-05-2024 |
| ശ്രീമതി ആർഷ | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 06-05-2024 | 31-12-2024 |
| ശ്രീമതി സീന എസ് | അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |

2-10-2024 മുതൽ 9-10-2024 വരെ വിളമന സർക്കിളിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ ആരും ഉണ്ടായിരുന്നില്ല.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. | 1-1-2 |
| 4 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ച തുക കണക്കാക്കിയതിലെ അപാകത. | 1-1-3 |
| 5 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം പ്രതിഫലിക്കുന്നില്ല | 1-1-6 |
| 8 | ICDS യഥാർത്ഥ നീക്കിയിരിപ്പുതുക B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | മുൻകൂർ തുക ക്രമീകരിച്ചില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 21 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു. | 1-12 |
| 22 | എ ബി സി പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 23 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. ₹89358 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 24 | കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ധനസഹായം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 25 | സാന്ത്വന പരിചരണം പദ്ധതി -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല- ₹304827 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 26 | ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല.35476 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | വള്ളിത്തോട് എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല- ₹1099999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 28 | എം സി എഫിലേക്ക് ത്രി ഫേസ് കണക്ഷൻ രേഖകൾ ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | ഘടക സ്ഥാപനങ്ങളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല. ₹97600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ രേഖകൾ ലഭ്യമല്ല. ₹89000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രൊജക്ടുകൾ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല 367812 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 32 | ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 33 | കുന്നോത്ത് കോളനിയിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകങ്ങൾ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 34 | നെറ്റ് സീറോകാർബൺ മാമ്പഴ ഗ്രാമം - പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി - 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം ഇനത്തിൽ അധികം നൽകിയ 43200 രൂപ ക്രമീകരിക്കേണ്ടതാണ്. | 1-26 |
| 36 | തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല. ₹331500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 37 | കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു | 1-28 |
| 38 | കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതി: പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം - ലക്ഷങ്ങളുടെ പലിശ ബാധ്യതയും, വരുമാന നഷ്ടവും | 1-29 |
| 39 | ജൽജീവൻ മിഷൻ പദ്ധതി | 1-30 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം. | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ്& പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പായം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-05-2025 തീയതിയിലെ 107/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 27-05-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പായം ഗ്രാമ പഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പായം ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
27.09.2025.

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹774798 ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -₹2140995 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ഇൻകം ഓവർ എക്സ്പെൻഡിച്ചർ -മിച്ച തുക കണക്കാക്കിയതിലെ അപാകത.

ഇൻകം ഏന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക ₹-21804419 യഥാർത്ഥ മിച്ചതുക (₹-8972339) യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 238408034 |
| ആകെ ചെലവ് (B) | | 253796413 |
| മിച്ചം തുക C= A-B | | -15388379 |
| Prior Period Income -I-19 | 8884637 | |
| Prior Period Expenditure I-18 | 2468597 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | 6416040 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -8972339 |

യഥാർത്ഥ മിച്ച തുകയായ ₹-8972339 യാണ് ബാലൻസ് ഷീറ്റിലേക്ക്(B-1) ക്യാരിഓവർ ചെയ്തിട്ടുള്ളത്.

### 1-1-4 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-6 തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം പ്രതിഫലിക്കുന്നില്ല

കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത്. തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി-11(ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ICDS യഥാർത്ഥ നീക്കിയിരിപ്പുതുക B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ICDS മുന്നിരിപ്പ്=2948112, RP(30) പ്രകാരം വരവ്=2753123, ആകെ=5701235, I-6 പ്രകാരം ചെലവ്=2516479, ഇത് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് തുക (3184756) B-4 ഷെഡ്യൂളിലെ ബാധ്യത തുകയുമായി (3420129) പൊരുത്തപ്പെടുന്നില്ല.

### 1-1-8 മുൻകൂർ തുക ക്രമീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻവർഷങ്ങളിൽ നല്കിയ മുൻകൂർ 2,35,287 രൂപ യഥാസമയം ക്രമീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല

Total Sanitation Campaign ഇനത്തിൽ മുൻവർഷ നീക്കിയിരിപ്പായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള 1042875 +814776+ 501675 രൂപ തൻ വർഷം Jounal ചെയ്ത് Prior Period Items -ൽ ക്രമീകരിച്ചതായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. പ്രസ്തുത ജേണൽ എൻട്രിയെ സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| വർഷം | 2024-25 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് |

| | | |
|---|---|---|
| | | പ്രകാരം |
| തീരുമാനം നമ്പർ / തീയ്യതി | 41/2024, Dtd. 07.02.2024 | 57/2025, Dtd. 18.03.2025 |
| മുന്നിരിപ്പ് | 5874862 | -4961907 |
| വരവ് | 263577354 | 266934509 |
| ആകെ | 269452216 | 261972602 |
| ചെലവ് | 264549200 | 258956438 |
| നീക്കിയിരിപ്പ് | 4903016 | 3016164 |

2024-25 വാർഷിക ബജറ്റ് ഭേദഗതി ചെയ്യുമ്പോൾ 2023-24 AFS പ്രകാരമുള്ള യഥാർത്ഥ വരവ്യ ചെലവ്യ കണക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച തുകയാണ് 2024-25 വർഷത്തെ മുന്നിരിപ്പ് തുകയുമായി പുനർനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4, ബി-7, ബി-9 എന്നീ ഷെഡ്യൂളുകളിൽ കാണപ്പെട്ടിരുന്ന പഞ്ചായത്തിന് വിവിധ കാലങ്ങളിലായി പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ലഭ്യമായതും പൂർണ്ണമായോ ഭാഗികമായോ ചെലവഴിച്ചിട്ടുള്ളതുമായ വിവിധ ഗ്രാന്റുകൾ, ഫണ്ടുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവ ജേണൽ എൻട്രി മുഖേന യഥാസമയം ക്രമീകരിക്കാത്തതിനാൽ ബാധ്യതാ ശീർഷകത്തിൽ ഭീമമായ തുക കാണപ്പെട്ടതുമൂലമാണ് 2023-24 AFS പ്രകാരമുള്ള നീക്കിയിരിപ്പ് തുക -4961907 രൂപയായി മാറിയത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16736613 |
| വരവ് (₹) | 74999251 |
| ആകെ (₹) | 91735864 |
| ചെലവ് (₹) | 74224453 |
| നീക്കിയിരിപ്പ് (₹) | 17511411 |
| വരവിനങ്ങളിലെ നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം (₹) | ഇല്ല |
| തടസ്സപ്പെടുത്തിയ തുക (₹) | 3315372 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 20499000 | 20499000 | 20497575 | 1425 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 2639000 | 2639000 | 1940790 | 698210 |
| വികസന ഫണ്ട് ടി എസ് പി | | 0 | 1618000 | 1618000 | 1247696 | 370304 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 0 | 20433000 | 20433000 | 19634724 | 798276 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | 0 | 6421000 | 6421000 | 6413871 | 7129 |
| സെൻട്രൽ | ബാങ്ക് | 5,62,964 | 8084000 | 8646964 | 4305028 | 4341936 |

| | | | | | | |
|---|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | | | | | | 29383 |
| | ട്രഷറി | 0 | 364715 | 364715 | 335332 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | ബാങ്ക് | 11,93,880 | 3621332 | 4815212 | 2412056 | 2403156 |
| | ട്രഷറി | 0 | 20345 | 20345 | 0 | 20345 |
| ഐസിഡിഎസ് | | 29,48,112 | 2988496 | 5936608 | 2516479 | 3420129 |
| ടി എസ് സി | | 23,59,326 | 23268 | 2382594 | 2379299 | 3295 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഐ ടി ഡി പി, ലൈഫ് ഭവന പദ്ധതി സ്റ്റേറ്റ് ഷെയർ | | 36,63,230 | 400000 | 4063230 | 3479746 | 583484 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- VIMUKTHI | | 71,100 | 0 | 71,100 | 7560 | 63540 |
| ആയുഷ് ഗ്രാന്റ് ഹോമിയോ | | 5,00,000 | 0 | 5,00,000 | 496812 | 3188 |
| സ്വച്ച് ഭാരത് അഭിയാൻ | | 0 | 1279774 | 1279774 | 1279774 | 0 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക്ക്) | | 326985 | 413221 | 740206 | 180012 | 560194 |
| ഹെൽത്ത് ഗ്രാന്റ്(വെൽനസ്) | | 223829 | 644678 | 868507 | 208034 | 660473 |
| എസ് എസ് കെ | | 6,67,196 | 18159 | 685355 | 0 | 685355 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് & ക്ഷോണി മിത്ര അവാർഡ് | | 5,50,000 | 0 | 5,50,000 | 0 | 5,50,000 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 273 | **248672719** | 206 | **101132758** | 20 | 67 | 186 | 68.13 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 36 | 27 | **34627814** | **15951450** | 46.07 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 20 | 16 | 2614873 | 1645833 | 62.94 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 121 | 89 | 129558364 | 51285546 | 39.58 |
| 4 | കൃഷി ഓഫീസർ | 9 | 9 | 2538527 | 1940158 | 76.43 |
| 5 | വി.ഇ.ഒ. | 27 | 15 | 58761650 | 14793465 | 25.18 |
| 6 | മെഡിക്കൽ ഓഫീസർ PHC | 17 | 14 | 5678425 | 3763554 | 66.28 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ GAD | 5 | 5 | 1200000 | 1175346 | 97.95 |
| 8 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 300000 | 300000 | 100 |
| 9 | വെറ്ററിനറി സർജൻ | 7 | 5 | 1750416 | 709190 | 40.52 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 7189858 | 6203938 | 86.29 |
| 11 | ഹെഡ് മാസ്റ്റർ | 12 | 9 | 944000 | 453043 | 47.99 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 3268792 | 2791235 | 85.39 |
| 13 | ഫിഷറീസ് ഓഫീസർ | 1 | 1 | 240000 | 120000 | 50 |
| | ആകെ | 273 | 206 | 248672719 | 101132758 | 40.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 494 | 2815832 | 2816326 | 2815308 | 1018 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43119465 | 43119465 | 43119465 | 0 |
| ആകെ | 494 | 45935297 | 45935791 | 45934773 | 1018 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9090200 | 465 |
| വിധവാ പെൻഷൻ | 20880800 | 1131 |
| വാർദ്ധക്യകാല പെൻഷൻ | 41683800 | 2350 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 6676400 | 351 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1868600 | 96 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2025 തീയതിയിൽ 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1030 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞ പക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ് എന്ന നിബന്ധന പാലിച്ചിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി അവലോകനം, അധിക ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, 2023-24 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ

അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി, 2024-25 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി, ജൽജീവൻ മിഷൻ, ലൈഫ് ഭവന പദ്ധതി, അതിദാരിദ്ര്യം മൈക്രോപ്ലാൻ, അംഗൻവാടി പോഷകാഹാരം, ജാഗ്രതാസമിതി, ഓഡിറ്റ് റിപ്പോർട്ട് അവതരണം, മാലിന്യ മുക്ത നവകേരളം, 2025-26 വാർഷിക പദ്ധതി കരട് അവതരണം എന്നിവയാണ് പ്രധാന അജണ്ടകൾ. അജണ്ടയിലെ എല്ലാ വിഷയങ്ങളും ചർച്ച ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പ് വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ വകുപ്പ് റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുതവിഭാഗത്തിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് നികുതിനിർണ്ണയം പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന 3 അൺഎയ്ഡഡ് സ്കൂളുകളായ ബെൻഹിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ( 17/363 ), സി ഐ എം ക്രൈസ്റ്റ് സ്കൂൾ (12 / 351 D,E,F,G ), സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ഇ എം എച് എസ് എസ് (13/ 20) നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ പ്രകാരം നികുതി ഉപനികുതി എന്നിവ ഒഴിവാക്കിയ സ്ഥിതിയിൽത്തന്നെയാണുള്ളത് എന്നാണ് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച പരാമർശം കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (2023 -2024) ചൂണ്ടികാണിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽപറഞ്ഞ സ്കൂളുകളിൽ നിന്നും, പ്രസ്തുതവിഭാഗത്തിലുൾപ്പെടുന്ന മറ്റു സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തികവർഷം മുതലുള്ള വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 മരണശേഷവും പെൻഷൻ തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം പായം പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റിയിരുന്ന ശ്രീകണ്ഠൻ പി. (പെൻഷൻ ഐ.ഡി. 111680202370) 25.08.2024-ന് മരണപ്പെട്ടിട്ടും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/27.06.2025) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മരണ ശേഷം ടിയാന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരികെയീടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 എ ബി സി പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 132/25, എ ബി സി പദ്ധതി |
| അടങ്കൽ | ₹100000(വികസന ഫണ്ട്-ജനറൽ ) |
| ചെലവ് | ₹100000 ബിൽ നമ്പർ: 321/10.03.2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100000 രൂപ കണ്ണൂർ ജില്ല പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക്

നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഗ്രാമ പഞ്ചായത്തിൽ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27-6-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. രേഖകളുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. ₹89358 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റ് നമ്പർ/പേര് | 143/25, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | ₹3,00,000 ബിൽ നമ്പർ - 210/24.01.2025 |

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിൽ മരുന്ന വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയിസ് നമ്പർ- PF 937/21-12-2024 ന്റെ അടിസ്ഥാനത്തിൽ ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ₹84,173 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയത് (ടാക്സ് ഇൻവോയിസ് നമ്പർ- LF3070/2024-25/24-03-2025 -₹84,173). ബാക്കി ₹2,15,827 യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/23-06-2025) ₹2,15,827 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും, മരുന്ന് ലഭ്യമാക്കുന്നതിനായി കത്തയച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മുൻകൂറായി തുക നല്കിയിട്ടും ഇതേവരെ മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ ₹2,15,827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ധനസഹായം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. വള്ളിത്തോട് |
| പ്രോജക്റ്റ് നമ്പർ/പേര് | 138/25, കോക്ലിയാർ ഇമ്പ്ലാൻറ്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ധനസഹായം |
| അടങ്കൽ | ₹150000 വികസന ഫണ്ട് ( ജനറൽ) |
| ചെലവ് | ₹150000 ബിൽ നമ്പർ: 24220652008901477157/10-03-2025 |

പായം ഗ്രാമ പഞ്ചായത്തിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത മൂന്ന് കുട്ടികൾക്ക് ഉപകരണങ്ങളുടെ റിപ്പയർ നടത്താൻ തുക ആവശ്യമുള്ള പക്ഷം തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനുള്ളതാണ് പ്രൊജക്റ്റ്. ആയതിന് ഓഡിയോളജിസ്റ്റിന്റെയും സർജന്റെയും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നും ബി.പി.എൽ ആയിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം 1) ജിഷ്ണ എം എം, 2) അനാമിക മനോജ്, 3) ആൻ മരിയ തോമസ് എന്നിവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ റിപ്പയറിങ്ങിന് മേൽ ബിൽ പ്രകാരം 150000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ. പി. നം. 115/2022/തസ്വഭവ തീയതി 28.05.2022 7.1.2 (ഡി) പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിങ്ങിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുകുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷന് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ 9-11-2023 ലെ സർക്കുലർ നമ്പർ DA1/284/2023- തസ്വഭവ പ്രകാരം ഈ പദ്ധതിക്ക് തുക നൽകേണ്ടത് (2023-24 വർഷം മുതൽ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലായിരിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈയിനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന ആകെ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിൽ അടവാക്കി ട്രാൻസാക്ഷൻ രശീതും കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വർഷാവർഷം ഓരോ കുട്ടിയുടെയും ഇംപ്ലാന്റ് മെയിന്റനൻസിന്റെ ആവശ്യകത ഉന്നയിക്കുകയോ ഡോക്ടറുടെ

സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല എന്നും മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖപ്രകാരം നിശ്ചയിച്ച തുക സാമ്പത്തിക വർഷാദ്യം തന്നെ പ്രൊജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ് എന്നും മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാ്കഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/30-6-2025)നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാനും നൽകിയ തുകയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സാന്ത്വന പരിചരണം പദ്ധതി -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല- ₹304827 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. വള്ളിത്തോട് |
| പ്രൊജക്ട് നമ്പർ/ പേര് | 58/25-സാന്ത്വന പരിചരണം |
| അടങ്കൽ ₹1100000 | ₹400000-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം<br>₹100000-തനത് ഫണ്ട്<br>₹200000- ബ്ലോക്ക് പഞ്ചായത്ത്<br>₹400000-ജില്ലാ പഞ്ചായത്ത് |
| ചെലവ് ₹975867 | ₹339420-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം<br>₹97300-തനത് ഫണ്ട്<br>₹194202- ബ്ലോക്ക് പഞ്ചായത്ത്<br>₹344945 -ജില്ലാ പഞ്ചായത്ത് |
| ബിൽ നം./തീയതി/ തുക | 1. BRN No: 24220652008901567351 തീയതി: 17-03-2025 ₹8820; PRF INV NO : 4357/15-03-2025<br>2. BRN No: 24220652008901449120 തീയതി: 07-03-2025 ₹55952; PRF INV NO : 2516/17-12-2024<br>3. BRN No: 24220652008901449073 തീയതി: 07-03-2025 ₹170000; PRF INV NO : 2750/31-12-2024<br>4. BRN No: 24220652008901143522 തീയതി: 18-01-2025 ₹20352; PRF INV NO : 2696/26-12-2024<br>5. BRN No: 24220652008901149030 തീയതി: 08-01-2025 ₹49703; PRF INV NO : 2633/23-12-2024 |

പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി മുകളിൽ ചേർത്ത ബില്ലുകൾ പ്രകാരം 304827 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/30-6-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായ വിവരം ലഭ്യമല്ലാത്തതിനാൽ 304827 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല.35476 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. വള്ളിത്തോട് |
| പ്രൊജക്ട് നമ്പർ/ പേര് | 72/25-ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹355000-വികസനഫണ്ട്-പൊതുവിഭാഗം |
| ചെലവ് | ₹354768 |
| ബിൽ നം./തീയതി/ തുക | 1. BRN No: 2422065200890101360 തീയതി: 11-12-2024 ₹280848 ; PRF INV NO : 737/26-07-2024<br>2. BRN No: 24220652008901139338 തീയതി: 07-01-2025 ₹73920 ; PRF INV NO : 2514/17-12-2024 |

ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 354768 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/30-6-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ 354768 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വള്ളിത്തോട് എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല- ₹1099999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. വള്ളിത്തോട് |
| പ്രൊജക്ട് നമ്പർ/ പേര് | 59/25-വള്ളിത്തോട് എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1100000-സംരക്ഷണ ഫണ്ട് റോഡിതരം |
| ചെലവ് | ₹1099999 |
| ബിൽ നം./തീയതി/ തുക | 1. BRN No: 24220652008900773632 തീയതി: 14-10-2024 ₹600000; PRF INV NO : 826/02-08-2024<br>2. BRN No: 24220652008900813275 തീയതി: 23-10-2024 ₹499999; PRF INV NO : 1651/21-10-2024 |

പാലിയേറ്റീവ് കെയർ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 1099999 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/30-6-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തിനാൽ 1099999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-19 എം സി എഫിലേക്ക് ത്രി ഫേസ് കണക്ഷൻ രേഖകൾ ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 255/25, എം സി എഫിലേക്ക് ത്രി ഫേസ് കണക്ഷൻ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹100000 |
| ബിൽ നമ്പർ & തീയ്യതി (എ സി ആർ പ്രകാരം) | 91/23-8-2024 ₹66793<br>136/10-10-2024 ₹33207 |

എം.സി.എഫിൽ ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എം സി എഫിലേക്ക് ത്രി ഫേസ് കണക്ഷൻ വയറിംഗ് നടത്തിയതിന്റെ വാലേഷൻ ഇനത്തിൽ ബിൽ നമ്പർ 242/23-8-2024 പ്രകാരം നിയമാനുസൃത നികുതി ഉൾപ്പെടെ ₹66793 യും ത്രിഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിന് കെ എസ് ഇ ബിയിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റ് കോസ്റ്റ് ഓഫ് സർവ്വീസ് കണക്ഷൻ പ്രകാരം നൽകേണ്ട 56486 രൂപയിൽ 33207 രൂപയും മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ബാലൻസ് തുക സ്പെഷൽ പ്രൊജക്ട് രൂപീകരിച്ച് നൽകുന്നതാണ് എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാലൻസ് തുക നൽകിയതിന്റെയും കെ എസ് ഇ ബി യിൽ നിന്നും ത്രിഫേസ് കണക്ഷൻ ലഭ്യമായതിന്റെയും വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/27-6-2025) ലഭ്യമാക്കിയ മറുപടിയിൽ ബാലൻസ് തുക തനത് ഫണ്ടിൽ നിന്ന് നൽകി എന്ന് മറുപടി നൽകിയെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ത്രിഫേസ് കണക്ഷൻ ലഭ്യമായതിന്റെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെയും വിവരം ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഘടക സ്ഥാപനങ്ങളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല. ₹97600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 139/25, ഘടക സ്ഥാപനങ്ങളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ |
| അടങ്കൽ | ₹150000 (വികസന ഫണ്ട്-ജനറൽ ) |
| ചെലവ് | ₹97600 ബിൽ നമ്പർ: 398/21.03.2025 |

ഘടക സ്ഥാപനങ്ങളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ HAL എന്ന സ്ഥാപനത്തിൽ നിന്നും നാപ്കിൻ ഡിസ്ട്രോയർ വാങ്ങി ഓരോ ഘടക സ്ഥാപനങ്ങളിലും സ്ഥാപിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രൊജക്ട് പ്രകാരം 5 നാപ്കിൻ ഡിസ്ട്രോയർ @30000രൂപക്ക് ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനാണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി നടത്തിപ്പ് സമയത്ത് നാപ്കിൻ ഡിസ്ട്രോയർ ജെമിൽ നിന്നും മല്ലൂസ് എന്റർപ്രൈസസിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ 0404/21-3-2025പ്രകാരം Maya Automatic Electric Sanitary Napkin Incinerator -Model Maya EFIT 48500 രൂപക്ക് ഒരെണ്ണവും, എം എസ് ഓംകാർ കീഴല്ലൂർ എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ 0381/21-3-2025 പ്രകാരം Maya Automatic Electric Napkin Incinerator Office Model 49100 രൂപക്ക് രണ്ടെണ്ണവും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) അംഗീകരിച്ച പ്രൊജക്ട പ്രകാരം HALൽ നിന്നും വാങ്ങാൻ ഉദ്ദേശിച്ച നാപ്കിൻ ഡിസ്ട്രോയർ ജെം വഴി വാങ്ങിയതിന്റെ

കാരണം വ്യക്തമല്ല. പ്രൊജക്ടിൽ 30000 രൂപ യൂണിറ്റ് കോസ്റ്റിന് അഞ്ചെണ്ണം വാങ്ങാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 48500 രൂപക്ക് ഒന്നും 24550രൂപ യൂണിറ്റ് കോസ്റ്റിന് രണ്ടെണ്ണവും ആണ് വാങ്ങിയിട്ടുള്ളത്. ഇത് പ്രകാരം വ്യത്യസ്ത റേറ്റിലുള്ള നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. പ്രൊജക്ട് റിവൈസ് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

2) നാപ്കിൻ ഡിസ്ട്രോയർ ജെംമിൽ നിന്ന് മല്ലൂസ് എന്റർപ്രൈസസിൽ നിന്നും എം എസ് ഓംകാർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയതെങ്കിലും മേൽ കാണിച്ച ബിൽ പ്രകാരം തുക നൽകിയിട്ടുള്ളത് ദേവൂസ് &സൺസ് ട്രേഡേഴ്സിന്റെ അക്കൗണ്ടിലേക്കാണ്. ആയതിന്റെ കാരണം വ്യക്തമല്ല.

3) പ്രൊജക്ട് പ്രകാരം വാങ്ങിയ നാപ്കിൻ ഡിസ്ട്രോയർ ജി യു പി സ്കൂൾ പായം, സർക്കാർ ഹോമിയോ ഡിസ്പൻസറി, പായം എന്നിവിടങ്ങളിൽ സ്ഥാപിച്ചതായി ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിയ മൂന്നെണ്ണത്തിൽ ഒന്ന് എവിടെ സ്ഥാപിച്ചു എന്നത് വ്യക്തമല്ല. വാങ്ങിയ വ്യത്യസ്ത റേറ്റിലുള്ള നാപ്കിൻ ഇൻസിനറേറ്റർ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഏതൊക്കെ സ്ഥാപനങ്ങളിൽ നൽകി എന്നതിന്റെ രേഖകളും നാപ്കിൻ ഇൻസിനെറേറ്റർ സ്ഥാപിച്ചു എന്നതിന്റെ ബന്ധപ്പെട്ട ഏജൻസിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/27-6-2025 ) ന് ലഭ്യമാക്കിയ മറുപടിയിൽ നാപ്കിൻ ഡിസ്ട്രോയർ വാങ്ങിച്ച സ്ഥാപനങ്ങളുടെ ജെംമിൽ രജിസ്റ്റർ ചെയ്ത അക്കൗണ്ട് നമ്പർ ദേവൂസ് &സൺസ് ട്രേഡേഴ്സിന്റെ ആയതിനാലാണ് തുക ദേവൂസ് &ട്രേഡേഴ്സിന്റെ അക്കൗണ്ടിലേക്കയച്ചത് എന്നും ബാക്കിയുള്ള ഒന്ന് ജി എൽ പി സ്കൂൾ പേരട്ടയിലാണ് ഇൻസ്റ്റാൾ ചെയ്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. നാപ്കിൻ ഇൻസനറേറ്റർ സ്റ്റോക്കിൽ എടുത്തതും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ രേഖകളും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹97600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ രേഖകൾ ലഭ്യമല്ല. ₹89000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 134/25, പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ |
| അടങ്കൽ | ₹90,000 (തനത് ഫണ്ട് ) |
| ചെലവ് | ₹89000 ബിൽ നമ്പർ: 134/10.10.2024 |

പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ എന്നതിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ പ്രവർത്തന നിർവ്വഹണം സംബന്ധിച്ച രേഖകൾ, ഫോട്ടോഗ്രാഫി വീഡിയോ ഗ്രാഫി എന്നിവ തയ്യാറാക്കുക പദ്ധതിക്ക് മുൻപും ശേഷവും ഉള്ള അവസ്ഥ, നേട്ടം, കോട്ടം എന്നിവ സംബന്ധിച്ച പഠനങ്ങൾ രേഖകളാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പെൻസിൽ ഹട്ട് തലശ്ശേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തീരുമാനം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പെൻസിൽ ഹട്ടിന്റെ കാഷ് ബിൽ നമ്പർ 178 (തീയതി ഇല്ല) ന്റെ അടിസ്ഥാനത്തിൽ 89,000 രൂപ സജിത്ത് ജി എന്നവരുടെ കർണാടക ബാങ്ക് തലശ്ശേരിയിലെ അക്കൗണ്ട് നമ്പർ 7762500100466101 ലേക്ക് ആദായ നികുതി 890 രൂപ കുറവ് ചെയ്ത് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിനൊപ്പം സജിത്ത് ജി എന്നവരുടെ കാനറ ബാങ്ക് തൊക്കിലങ്ങാടി ശാഖയിലെ അക്കൗണ്ട് നമ്പർ 110094163701 എന്ന അക്കൗണ്ട് ആണ് കാണിച്ചിട്ടുള്ളത്. മേൽ ബിൽ പ്രകാരം തുക വേറെ അക്കൗണ്ടിലാണ് ട്രാൻസ്ഫർ ചെയ്തത്. തുകയുടെ കൈപ്പറ്റ് രശീതി /ട്രഷറി അക്നോളജ്മെന്റ് രശീതി, പദ്ധതിയുടെ ഭാഗമായി ഡോക്യുമെന്റേഷൻ നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 25000 രൂപക്ക് മുകളിലും ഒരു ലക്ഷം രൂപയിൽ താഴെയും ഉള്ള പർച്ചേസുകൾ ലിമിറ്റഡ് ടെണ്ടർ വഴി നടത്താമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇവിടെ ക്വട്ടേഷൻ വഴിയാണ് പദ്ധതി നടപ്പാക്കിയത്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/27-6-2025) ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ വിശദമായി പരിശോധന നടത്തി മറുപടി സമർപ്പിക്കുന്നതാണ് എന്നും ഡോക്യുമെന്റേഷൻ അടിയന്തിരമായി നടത്തേണ്ട സാഹചര്യമായതിനാലാണ് ക്വട്ടേഷൻ

വിളിച്ച് പദ്ധതി നടപ്പാക്കിയത് എന്നും മികച്ച രീതിയിൽ ഡോക്യുമന്റേഷൻ നടത്തിയതിനാൽ പഞ്ചായത്ത് ഒട്ടേറെ അവാർഡുകൾക്ക് നോമിനേറ്റ് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഡോക്യുമെന്റേഷൻ നടത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹89000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രൊജക്ടുകൾ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല 367812 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
|---|---|---|---|
| പ്രോജക്ട് നമ്പർ/പേര് | 342/25, നിരങ്ങൻ ചിറ്റ കോളനി കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ | 172/25, പദ്ധതി നിർവ്വഹണ മോണിറ്ററിങ്ങ് ചെലവുകൾ | 186/25, ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം നൽകൽ |
| അടങ്കൽ | വികസന ഫണ്ട് ₹23452 (വികസന ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ് ) ₹46548 | വികസന ഫണ്ട് ₹41267 തനത് ഫണ്ട് 64 | വികസന ഫണ്ട്₹300000 |
| ചെലവ് | ₹46548 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) | വികസന ഫണ്ട് ₹21264 | വികസന ഫണ്ട് ₹300000 |
| ബിൽ നമ്പർ & തീയ്യതി (എ സി ആർ പ്രകാരം) | വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 400/ 22-3-2025 | ബിൽ നമ്പർ: 7/09.05.24 – ₹1986 ബിൽ നമ്പർ: 8/09.05.24 – ₹19278 | |

സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പട്ടികയിൽ കാണിച്ച പദ്ധതികളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) നിരങ്ങൻ ചിറ്റ കോളനി കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ പദ്ധതിയിൽ പ്രൊജക്ട് പ്രകാരം നിരങ്ങൻ ചിറ്റ കോളനിക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി. 400/22-3-2025 ബിൽ പ്രകാരം എ കെ ബ്രദേഴ്സ് ഇരിട്ടി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട ട്രഷറി ബിൽ, വൗച്ചറുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 172/25, പദ്ധതി നിർവ്വഹണ മോണിറ്ററിങ്ങ് ചെലവുകൾ എന്ന പദ്ധതിയിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്നും ₹21264 ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ട്രഷറി ബിൽ, ചെലവിനാധാരമായ വൗച്ചറുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം നൽകൽ എന്ന പദ്ധതിയിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്നും ₹300000 ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ട്രഷറി ബില്ലിൽ മട്ടന്നൂർ മുൻസിപ്പാലിറ്റി-38000, മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ലിമിറ്റഡ്-29500, ഏഞ്ചൽ ട്രസ്റ്റ് ,കടത്തുംകടവ്-78500, അമല മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ -154000 എന്നിങ്ങനെ കാണിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ ഡയാലിസിസ് നടത്തുന്ന ഗുണഭോക്താക്കളുടെ അപേക്ഷ വരുമാനസർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/27-6-2025 ന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഓരോ ബില്ലിലെയും ചെലവിനാധാരമാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രൊജക്ടുകളിലെ ചെലവ് തുകയായ ₹ 367812 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 32/25, ഐ.കെ.എം.വിഹിതം നൽകൽ |
| ആകെ അടങ്കൽ | ₹100000<br>(വികസനഫണ്ട്-പൊതുവിഭാഗം) |
| ആകെ ചെലവ് | ₹100000 ബിൽ നമ്പർ: 211/17.12.2024 |

2024-25 വർഷത്തിൽ ഐ.കെ.എം. പ്രവർത്തനവിഹിതമായി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ ടി എസ് ബി അക്കൗണ്ട് നമ്പർ 799010100348424 ലേക്ക് ₹1,00,000 കൈമാറിയിട്ടുണ്ട്. ഐ കെ എം ന്റെ 13-6-2024 ലെ നമ്പർ 2128/എ7/IKM/2024 ലെ കത്ത് പ്രകാരം 182398 രൂപ ഐ കെ എം ന്റെ എസ് ബി ഐ നന്ദൻ കോട് ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 57047023512 ലേക്ക് തുക ട്രാൻസ്ഫർ ചെയ്യാനാണ് ആവശ്യപ്പെട്ടത്. എന്നാൽ തുക ട്രഷറി അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഐ കെ എം ൽ നിന്നുള്ള കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (RA; 16/27.06.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും സാംഖ്യ വഴി ബിൽ ജനറേറ്റ് ചെയ്യുന്ന സമയത്ത് മുൻകൂട്ടി മാപ്പ് ചെയ്ത ട്രഷറി അക്കൗണ്ടിലേക്കാണ് തുക കൈമാറിയത് എന്നുമറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കുന്നോത്ത് കോളനിയിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ – നിർവ്വഹണത്തിലെ അപാകങ്ങൾ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 349/25, കുന്നോത്ത് കോളനിയിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ |
| അടങ്കൽ | ₹98000 (വികസനഫണ്ട് ടി എസ് പി)<br>₹10000 (തനത് ഫണ്ട് )<br>ആകെ: ₹108000 |
| ചെലവ് | ₹98000 -വികസന ഫണ്ട്-ടി എസ് പി<br>₹1800 (തനത് ഫണ്ട് )<br>ആകെ: ₹99800 |
| ബിൽ നമ്പർ & തീയ്യതി<br>(എ സി ആർ | 409/22-3-2025 ₹98000 -വികസന ഫണ്ട്-ടി എസ് പി<br>₹1800 560/23-3-2025 -തനത് ഫണ്ട് ) |

കുന്നോത്ത് കോളനിയിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി ജെം മുഖേന മല്ലൂസ് എന്റർ പ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടാക്സ് ഇൻവോയ്സ് നമ്പർ 0398/17-3-2025 പ്രകാരം Biodrops WP Nova Plus Water Purification System -4 എണ്ണം 99800 രൂപക്ക് വാങ്ങിയിട്ടുണ്ട്. കുന്നോത്ത് പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ളത്തിൽ ബാക്ടീരിയയുടെ അളവ്

അനുവദനീയമായതിലും വളരെ കൂടുതൽ ആണെന്നും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു നൽകണം എന്നും മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരള വാട്ടർ അതോറിറ്റി അധികാരികളുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 18 വീടിന് വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്ന് വാട്ടർ പ്യൂരിഫയർ വാങ്ങാനാണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതിയുടെ ഭാഗമായി ജെംമിൽ നിന്നാണ് 4 വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയത്. എസ് ടി സങ്കേതത്തിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 18 വീടുകൾക്ക് പ്യൂരിഫയർ നൽകാൻ ഉദ്ദേശിച്ച പദ്ധതിയിൽ നാല് പ്യൂരിഫയർ വാങ്ങി സ്ഥാപിച്ചതിലൂടെ മുഴുവൻ വീടുകൾക്കും ഗുണം ലഭിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്, വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്തതിന്റെയും ബന്ധപ്പെട്ട കോളനിയിലെ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി പ്യൂരിഫയർ ജെംമിൽ നിന്നും വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/28-6-2025) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതി ഗുണഭോക്താക്കൾക്ക് ഉപകരിക്കുന്നുണ്ട് എന്നും വിതരണ രേഖകൾ ലഭ്യമാക്കുന്ന എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ, പ്യൂരിഫയർ സ്ഥാപിച്ചതിന്റെ രേഖകൾ, എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല രേഖകളുടെ അഭാവത്തിൽ ₹99800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 നെറ്റ് സീറോകാർബൺ മാമ്പഴ ഗ്രാമം - പ്രോജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പാക്കി - 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 301/25, നെറ്റ് സീറോകാർബൺ മാമ്പഴ ഗ്രാമം |
| അടങ്കൽ | ₹500000 (വികസന ഫണ്ട് )<br>₹166650 മറ്റുള്ളവ<br>ആകെ: ₹666650 |
| ചെലവ് | ₹500000 വികസന ഫണ്ട്<br>₹166650 മറ്റുള്ളവ |
| ബിൽ നമ്പർ & തീയ്യതി (എ സി ആർ പ്രകാരം) | 342/11-03-2025 ₹500000 |

നെറ്റ് സീറോകാർബൺ മാമ്പഴ ഗ്രാമം എന്ന പദ്ധതിയിൽ മാവ് ഗ്രാഫ്റ്റ് തൈകൾ അഗ്രോസർവ്വീസ് സെന്ററുകൾ, ഇക്കോഷോപ്പുകൾ തുടങ്ങി നേരിട്ട് വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത് . അംഗീകരിച്ച പ്രൊജക്ട് പ്രകാരം ഒരു തൈയുടെ ഫാം വിലയായ 75 രൂപയുടെ 75% സബ്സിഡി (56.25 രൂപ) അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ പ്രൊജക്ട് നടത്തിപ്പിൽ ചെറുവാഞ്ചേരി മോഡൽ അഗ്രോസർവ്വീസ് സെന്ററിൽ നിന്നും 250 രൂപ നിരക്കിൽ 2667 കുറ്റ്യാട്ടൂർ ഗ്രാഫ്റ്റ് തൈകൾ 666650 രൂപക്ക് വാങ്ങി ആയത് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 213 പേർക്ക് 4 എണ്ണം വീതവും 363 പേർക്ക് 5 എണ്ണം വീതവും വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ സബ്സിഡി ഇനത്തിൽ മേൽകാണിച്ച ബിൽ പ്രകാരം 500000 രൂപ അഗ്രോ സർവ്വീസ് സെന്റർ, ചെറുവാഞ്ചേരിക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത തൈകൾക്കാനുപാതികമായി ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും ആയത് ബന്ധപ്പെട്ട അഗ്രോസർവ്വീസ് സെന്ററിന് നൽകിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാവിൻ തൈക്ക് പ്രൊജക്ട് പ്രകാരം ഫാം വില 75 രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ തൈ 250രൂപ നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. കുറ്റ്യാട്ടൂർ ഗ്രാഫ്റ്റ് മാവിൻ തൈയുടെ ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല ഫാം വില 75 രൂപ നിരക്കിൽ ലഭ്യമാവുമെന്ന് അംഗീകരിച്ച പ്രൊജക്ടിൽ കാണിച്ചിട്ടും. 75 രൂപക്ക് ലഭ്യമാവുന്ന തൈകൾ പ്രൊജക്ടിൽ വ്യതിചലിച്ച് ചെറുവാഞ്ചേരി മോഡൽ അഗ്രോസർവ്വീസ് സെന്ററിൽ നിന്നും 250 രൂപ നിരക്കിൽ വാങ്ങാനുണ്ടായ കാരണം വ്യക്തമല്ല. പ്രോജക്ട് റിവൈസ് ചെയ്തതിന്റെ വിവരം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/29-6-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം ഇനത്തിൽ അധികം നൽകിയ 43200 രൂപ ക്രമീകരിക്കേണ്ടതാണ്.

വൗച്ചർ നമ്പർ 22400097/2-5-2024 ₹36000, വൗച്ചർ നമ്പർ 22400193/5-6-2024 ₹ 36000, വൗച്ചർ നമ്പർ 22400294/3-7-2024 ₹36000

സർക്കാർ ഉത്തരവ് സാധാ 743/2024/Lsgd Dt.12-4-2024 പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയത്തിന്റെ 60% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നിന്നും നൽകാനാണ് വ്യവസ്ഥ ചെയ്തത്. എന്നാൽ മേൽ വൗച്ചറുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ സാക്ഷരത പ്രേരക് മാർ ആയ ബീനവല്ലി, സുകന്യ, ഷീല എന്നിവരുടെ ഏപ്രിൽ, മേയ്, ജൂൺ മാസത്തെ ഹോണറേറിയം ഇനത്തിലെ (12000 രൂപ വീതം) മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചത്. മൂന്ന് പ്രേരക്മാർക്കായി അധികം നൽകിയ 43200 രൂപ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലായി ഒരു മാസം ഒരാൾക്ക് 4800 രൂപ വീതം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/30-6-2025) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 43200 രൂപ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല. ₹331500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന തനത് ഫണ്ട് ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമിയിട്ടില്ല.

| വൗച്ചർ നമ്പർ | തുക | നൽകിയതിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|---|
| 22401354 Dt 17-3-2025 | 331500 | കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സിന് NOC ലഭ്യമാക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന് നൽകിയ തുക | NOC ലഭ്യമായതിന്റെ വിവരം ഇല്ല |
| 22400951/18-12-2024 | 33000 | കല്ലുമുട്ടി ഗ്രാമ ന്യായാലയത്തിന് സമീപമുള്ള മരം മുറിച്ചതിന് പ്രശാന്ത് എം എസിന് നൽകിയ തുക | മുറിച്ച് മാറ്റിയ മരം ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല |
| 22400949/18-12-2024 | 26000 | വിളമന ഹെൽത്ത് സബ് സെന്ററിന് സമീപമുള്ള മരം മുറിച്ചതിന്റെ വകയിൽ പ്രശാന്ത് എം എസിന് നൽകിയ തുക | മരം ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല |

മേൽ പറഞ്ഞ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 15/27-6-2025) ലഭ്യമാക്കിയ മറുപടിയിൽ മരങ്ങൾ ലേലം ചെയ്യാൻ രണ്ട് പ്രാവശ്യം ലേലം നടത്തിയിട്ടും ആരും ലേലം എടുത്തില്ല എന്നും എൻ ഒ സി ലഭ്യമായിട്ടില്ല എന്നും അപേക്ഷ പുനസമർപ്പിച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. എൻ.ഒ.സി. ലഭ്യമാവാത്തതിനാൽ 331500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരങ്ങൾ ലേലം ചെയ്ത വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ട കരാറുകളിൽ താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ

പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാറിലെ വ്യവസ്ഥ 4-ൽ വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

2. കരാർ വ്യവസ്ഥ രണ്ടിൽ പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

3. കരാറിലെ 7 വ്യവസ്ഥയിൽ 2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. മാന്വൽ പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ പൊതു വ്യവസ്ഥകൾ പ്രകാരവും ഉള്ള പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകളും, ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണ് എന്നുള്ളതും ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (26/28-06-2025 ) ന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതി: പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം - ലക്ഷങ്ങളുടെ പലിശ ബാധ്യതയും, വരുമാന നഷ്ടവും

പായം ഗ്രാമ പഞ്ചായത്തിൽ ആധുനിക മൾട്ടിപ്ലെക്സ് തിയറ്റർ, വ്യാപാര സൗകര്യങ്ങൾ എന്നിവ സൃഷ്ടിച്ച് പഞ്ചായത്തിന് സ്ഥിരവരുമാനം ഉറപ്പാക്കുകയും അതുവഴി വികസനം സാധ്യമാക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതിക്കു തൻ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ₹10,450,303 ചെലവഴിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, പായം ഗ്രാമ പഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ, പായം ഗ്രാമ പഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ, പായം ഗ്രാമ പഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ, പായം ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 212/25, കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ നിർമ്മാണം | 226/25കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സിന് കുടിവെള്ള സൗകര്യം ഒരുക്കൽ | 242/25 കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ്- ജനറേറ്റർ റൂം, ഫയർ ഹൗസ് ആൻഡ് ബോർവെൽ നിർമ്മാണം | 319/25 കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ഊരാളുങ്കൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തനതു ഫണ്ട് വിഹിതം നൽകൽ |
| അടങ്കൽ | ₹32620031 (KURDFC ലോൺ) | ₹234800 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹676800 വികസന ഫണ്ട് ജനറൽ ₹95381ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹5100891തനതു ഫണ്ട് |
| ചെലവ് | ₹7670244 | ₹103259 | ₹676800വികസന ഫണ്ട് ജനറൽ | ₹2000000തനതു ഫണ്ട് |

പായം ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി (KSFDC) ചേർന്നു 2018 -19 വർഷം മുതൽ നടപ്പിലാക്കിവരുന്ന കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതി പൂർത്തീകരണത്തിൽ ഉണ്ടായ കാലതാമസം കാരണം പായം ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ പലിശ ബാധ്യതയും , വരുമാന നഷ്ടവും സംഭവിക്കുന്നു. പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം മൂലം വലിയ അളവിൽ പൊതുമുതൽ ഫലപ്രദമല്ലാത്ത രീതിയിൽ



ചെലവായി. പദ്ധതിക്കായി എടുത്ത വലിയ വായ്പ തുകയുടെ പലിശഭാരം, പ്രതീക്ഷിച്ച വാടക വരുമാനം ലഭിക്കാതിരിക്കൽ തുടങ്ങിയവ



ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തതയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതിയുടെ സിവിൽ വർക്കുകൾ അസിസ്റ്റന്റ് എൻജിനീയറും, ലിഫ്റ്റ്, ഇലക്ട്രിഫിക്കേഷൻ, ഫയർ സജ്ജീകരണം എന്നിവ സെക്രട്ടറിയും ആണ് നിർവ്വഹണം നടത്തിയത്. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം 2022-23 വർഷം തന്നെ പൂർത്തീകരിച്ചിരുന്നു എന്നാൽ പ്രവൃത്തി ആരംഭിച്ചപ്പോൾ ആവശ്യമായതും പ്രധാനപ്പെട്ടതുമായ പല ഐറ്റങ്ങളും എസ്റ്റിമേറ്റിൽ നിന്നും ഒഴിവായിപ്പോയതിനാൽ എസ്റ്റിമേറ്റ് പലതവണ ഭേദഗതി ചെയ്യേണ്ടി വന്നു. ആയതുകാരണം മറ്റു സിവിൽ, ലിഫ്റ്റ്, ഇലക്ട്രിഫിക്കേഷൻ, ഫയർ വർക്കുകൾ നീണ്ടു പോയി നിലവിൽ അഞ്ചുനില കെട്ടിടം, മറ്റു സിവിൽ, ലിഫ്റ്റ്, ഇലക്ട്രിഫിക്കേഷൻ, ഫയർ സജ്ജീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കെട്ടിടം ഉപയോഗപ്രദമല്ല. പ്രോജക്ട് നമ്പർ 310 / 25 പ്രകാരം 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി "കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സിൽ ഗ്ലാസ് വർക്ക് എ സി പി വർക്ക് കോമ്പൗണ്ട് വാൾ മുതലായവ" പ്രവൃത്തി വിഭാവനം ചെയ്തെങ്കിലും പദ്ധതി തൻ വർഷം നടപ്പിലായില്ല.

പദ്ധതി വിശദാംശങ്ങൾ

പദ്ധതിയുടെ പേര്: കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതി

പദ്ധതി നമ്പർ: 99/2018-19 (സ്പിൽ ഓവർ ആയി തുടരുന്നു )

സ്ഥലം: പായം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

ആദ്യ എസ്റ്റിമേറ്റ്: ₹6,80,00,000

നിർവഹണ ഏജൻസി: പായം ഗ്രാമപഞ്ചായത്ത് (ഉടമ), KSFDC (ലീസ്/ഓപ്പറേറ്റർ)

കരാറുകാരൻ: ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

കരാർ തീയതി: 31/01/2019

ലീസ് കരാർ തീയതി: 18/05/2022 (30 വർഷത്തേക്ക് പ്രതിമാസം ₹1,00,000 + GST)

പദ്ധതി ധനസഹായം:

KURDFC-യിൽ നിന്ന് എടുത്ത മൊത്തം വായ്പ: ₹4,09,50,111

31 മാർച്ച് 2025 വരെ തിരിച്ചടച്ച മുതൽ ₹1,59,03,647

31 മാർച്ച് 2025 വരെ തിരിച്ചടച്ച പലിശ: ₹91,89,220

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28.06.2025-ന് നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ നിന്നും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. DPR, PMC എന്നിവ ഇല്ലാതെ പദ്ധതി നടപ്പിലാക്കി.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ടും (DPR), പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റും (PMC) ഇല്ലാതെ നടപ്പിലാക്കിയത് വഴി പദ്ധതിയുടെ ഗുണനിലവാരം, സമയക്രമം, ചെലവ് നിയന്ത്രണം എന്നിവയെ പ്രതികൂലമായി ബാധിച്ചു. സമഗ്രമായ DPR ഇല്ലാതെ, പദ്ധതിയുടെ ലക്ഷ്യങ്ങൾ, സാങ്കേതിക വശങ്ങൾ, ചെലവ് കണക്കുകൾ, സമയക്രമങ്ങൾ, വിഭവ വിഹിതം എന്നിവ വിശദീകരിക്കുന്ന സമഗ്രമായ ഒരു ബ്ലൂപ്രിന്റ് ഉണ്ടാവില്ല. ഇത് നിർവ്വഹണത്തിലുടനീളം ആശയക്കുഴപ്പത്തിനും പലപ്പോഴും തെറ്റായ തീരുമാനമെടുക്കലിനും കാരണമാകുന്നു. ഒരു DPR ന്റെ അഭാവം എന്നതിനർത്ഥം ആവശ്യമായ ഫണ്ടുകളുടെയോ ഘട്ടം ഘട്ടമായുള്ള ചെലവുകളുടെയോ വിശ്വസനീയമായ എസ്റ്റിമേറ്റ് ഇല്ല എന്നാണ്. ഇത് ചെലവ് കവിയാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. പദ്ധതി നിർവ്വഹണ സമയത്ത് ഒരു PMC സാങ്കേതിക വൈദഗ്ധ്യവും ഗുണനിലവാര നിയന്ത്രണവും ഉറപ്പാക്കുന്നു. ഒരു PMC ഇല്ലാതെ, നിർമ്മാണ നിലവാരം

നിരീക്ഷിക്കുന്നതിനോ, മാനദണ്ഡങ്ങൾ പാലിക്കുന്നതിനോ, സാങ്കേതിക വെല്ലുവിളികൾ പരിഹരിക്കുന്നതിനോ പഞ്ചായത്തിന് എളുപ്പത്തിൽ സാധ്യമായെന്ന വരില്ല പ്രധാനപ്പെട്ട ഐറ്റങ്ങളായ ഇലക്ട്രിഫിക്കേഷൻ, ഫയർ ഫിറ്റിംഗ്സ് തുടങ്ങിയവ ആദ്യ ഘട്ടത്തിൽ തന്നെ ഒഴിവായി. പദ്ധതി നീണ്ടു പോയത് ചെലവ് കൂടാൻ ഇടയായി. നിലവിലെ അവസ്ഥയിൽ എന്ത് ചെയ്യണം എന്നറിയാതെ വിഷമിക്കുകയാണ് പഞ്ചായത്ത്.

2. വരുമാന നഷ്ടവും അവസര നഷ്ടവും.

പ്രതിമാസം ₹1,00,000 + GST എന്ന ലീസ് വരുമാനം തിയറ്റർ പ്രവർത്തനം വൈകിയതോടെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും അതുവഴി നഷ്ടമായി. മറ്റ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമായിരുന്ന ഈ മൂലധനം ഫലവത്തായി ഉപയോഗിക്കാൻ കഴിയാതെ പഞ്ചായത്തിന് അവസര നഷ്ടം (Oppertunity Cost) നേരിട്ടു. കൂടാതെ പദ്ധതി ആവിഷ്കരിച്ച സന്ദർഭത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന കസ്റ്റമർ ബേസ് തൊട്ടടുത്ത പ്രദേശങ്ങളിൽ മൾട്ടിപ്ലക്സ് തീയേറ്റർ വന്നതോടു കൂടി നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട കസ്റ്റമർ ബേസ് തിരികെ ലഭിക്കുവാൻ കൂടുതൽ പരസ്യം ആവശ്യമായി വരുന്നതിനാൽ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് (KSFDC) കൂടുതൽ മുതൽമുടക്ക് ആവശ്യമായി വരും. ഇത് Profitability നീണ്ടുപോകുവാൻ ഇടയാക്കും. സ്വാഭാവികമായും കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് ഈ പദ്ധതിയോടുള്ള ആഭിമുഖ്യം നഷ്ടപ്പെടുവാൻ ഇടയാക്കും.

3. കരാർ ലംഘനം - നിയമ നടപടികൾക്ക് സാധ്യതയേറി-

കരാർ വ്യവസ്ഥകൾ നടപ്പിലാക്കാത്തതിലൂടെ പഞ്ചായത്തിന് നിയമപരമായ ബാധ്യതയും സാമ്പത്തിക നഷ്ടവും നേരിടേണ്ടി വന്നു. കെട്ടിടം ഉപയോഗംകിട്ടാതെ നിലനിൽക്കുന്നത് മൂലം അറ്റകുറ്റപ്പണികൾക്കും പരിപാലന ചെലവുകൾക്കും സാധ്യത വർധിച്ചു.

4. വായ്പയുടെ പലിശഭാരം

പദ്ധതിക്ക് KURDFC-യിൽ നിന്ന് ₹4,09,50,111 വായ്പയായി എടുത്തു. 31 മാർച്ച് 2025 വരെ ₹1,73,66,156 മുതൽ +, ₹91,89,220 പലിശ ഇനത്തിൽ തിരിച്ചടച്ചു. പലിശഭാരം പഞ്ചായത്തിന് വലിയ സാമ്പത്തിക സമ്മർദ്ദം സൃഷ്ടിക്കുന്നു.KSFDC-യിൽ നിന്ന് പ്രതീക്ഷിച്ച വാടക വരുമാനം ലഭിക്കാത്തത് ഈ സാമ്പത്തിക ഭാരം കൂടുതൽ ഗുരുതരമാക്കി. മറ്റു വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടിയിരുന്ന തുകയാണ് ഭീമമായ പലിശ അടവാക്കുന്നതിലേക്ക് പഞ്ചായത്തിനെ നയിക്കുന്നത്

മൾട്ടിപ്ലക്സ് തിയറ്റർ പദ്ധതിയുടെ പൂർത്തീകരണത്തിൽ ഉണ്ടായ കാലതാമസം മൂലം പായം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടവും അവസര നഷ്ടവും നേരിടേണ്ടി വരുന്നു എന്നുള്ളത് നിലവിൽ ഒരു യാഥാർഥ്യമാണ്. പൊതുമുതൽ ഉപയോഗംകിട്ടാത്ത ആസ്തി ആയി നിലവിൽ മാറി. വരുമാനവും അവസരവും നഷ്ടമായി. DPR, PMC എന്നിവ ഇല്ലാതെയും കരാർ വ്യവസ്ഥകൾ നടപ്പിലാക്കാത്തതും പ്രശ്നം കൂടുതൽ ഗുരുതരമാക്കി. വായ്പയുടെ കനത്ത പലിശഭാരം പഞ്ചായത്തിന് വലിയ സാമ്പത്തിക സമ്മർദ്ദമാണ് സൃഷ്ടിക്കുന്നത്. പദ്ധതിയുടെ പ്രതീക്ഷിച്ച സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾ പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല.

പദ്ധതി എത്രയും പെട്ടന്ന് യാഥാർത്ഥ്യമാകുവാൻ താഴെ പറയുന്ന നിർദേശങ്ങൾ സ്വീകരിക്കാവുന്നതാണ്

1. പദ്ധതി പൂർത്തീകരണം

ഗ്ലാസ് വർക്ക്, എ സി പി വർക്ക്, കോമ്പൗണ്ട് വാൾ തുടങ്ങിയ അവശേഷിക്കുന്ന പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കി കെട്ടിടം പ്രവർത്തന സജ്ജമാക്കുവാൻ ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്

2. കരാർ വ്യവസ്ഥകൾ നടപ്പിലാക്കുക

KSFDC-യുമായി ഉള്ള കരാറിലെ പിഴ, ലീസ് അവസാനിപ്പിക്കൽ തുടങ്ങിയ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണം.

3. പ്രൊഫഷണൽ മാനേജ്മെന്റ് ഉറപ്പാക്കുക

ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ടും PMC-യും നിർബന്ധമാക്കണം.

4. വരുമാന നഷ്ടം തിരിച്ചുപിടിക്കൽ.

കരാർ ക്ലോസ് 15 പ്രകാരം കരാർ വ്യവസ്ഥകളുടെ ലംഘനത്തിന് തർക്ക പരിഹാരത്തിനായി മധ്യസ്ഥത വഹിക്കുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയും സാംസ്കാരിക വകുപ്പ് സെക്രട്ടറിയും ചേർന്ന സമിതിക്ക് അധികാരമുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ തർക്ക പരിഹാരത്തിനായി മധ്യസ്ഥത വഹിക്കുവാൻ മേൽ സമിതിയോട് ആവശ്യപ്പെടാവുന്നതും പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.കരാർ ലംഘനത്തിന് എത്രയും വേഗം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് ലീഗൽ നോട്ടീസ് നൽകേണ്ടതും അതിൽ ഒരു നിശ്ചിത തീയതിക്കകം വാടക, പലിശ, കുടിശിക എന്നിവ അടവാക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. തുക അടക്കാത്ത പക്ഷം സിവിൽ വ്യവഹാരം ഫയൽ ചെയ്യേണ്ടതും കുടിശിക നഷ്ടം എന്നിവ ക്ലെയിം ചെയ്യേണ്ടതുമാണ്

5. ഇടക്കാലത്തേക്ക് കെട്ടിടം മറ്റ് ഉത്പാദക ഉപയോഗങ്ങൾക്ക് മാറ്റിവയ്ക്കാൻ സാധ്യതകൾ പരിശോധിക്കുക.

6. മോണിറ്ററിംഗ് ശക്തമാക്കുക

പദ്ധതിയുടെ നടത്തിപ്പിൽ കരാർ നിയമാനുസൃതമായി പാലിക്കുന്നതായി ഉറപ്പു വരുത്തേണ്ടതുണ്ട് ഇതിനായി നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

7. വായ്പ പുനഃസംഘടിപ്പിക്കുവാനുള്ള സാധ്യകൾ ആരായുക

നിലവിലുള്ള വായ്പകൾ പുനഃസംഘടിപ്പിച്ച് പലിശഭാരം കുറയ്ക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. പൊതുജനോദ്യമങ്ങളായ പദ്ധതികൾക്ക് വായ്പാ പുനഃസംഘടനക്ക് (Loan Restructuring) നിർണായകമായ പ്രാധാന്യം ഉണ്ട്. വായ്പ്പയുടെ സാമ്പത്തിക സമ്മർദ്ദം കുറക്കാനും, വായ്പയുടെ കാലാവധി നീട്ടുന്നത് മൂലം മാസവായ്പ (EMI) തുക കുറയാനും പഞ്ചായത്തിന് താൽക്കാലിക സാമ്പത്തിക ആശ്വാസം ലഭിക്കാനും ഇതുപകരിക്കും. പലിശ നിരക്ക് കുറയ്ക്കൽ, ലോൺ പുനഃക്രമീകരണം, ഗ്രേസ് പിരീഡ്, എന്നിവ വഴി പഞ്ചായത്തിന് താങ്ങാവുന്ന രീതിയിൽ തിരിച്ചടവ് നടത്താൻ കഴിയും എന്നതാണ് ഇതുകൊണ്ടുള്ള മെച്ചം. ഇത്തരം പദ്ധതികൾക്ക് ആദ്യം വരുമാന പ്രവാഹം തുടങ്ങാൻ സമയം എടുക്കും. വായ്പാ പുനഃസംഘടന വഴി ഈ തുടക്കകാലത്തെ സാമ്പത്തിക സമ്മർദ്ദം കുറയ്ക്കാൻ ഇതുവഴി കഴിയും. ആയതുകൊണ്ട് തന്നെ ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതിയുടെ വിജയ സാധ്യത വർധിപ്പിക്കുവാനും വരുമാനം ആരംഭിച്ചശേഷം വായ്പ തിരിച്ചടവിന് സാധ്യമായ സാഹചര്യം ഒരുക്കാനും ഇതുവഴി സാധിക്കും.വായ്പാ പുനഃസംഘടനയിലൂടെ പദ്ധതിയുടെ സാമ്പത്തിക ഭാരം നിയന്ത്രിക്കപ്പെടുന്നു. ഇതുവഴി ബാങ്കിന് വായ്പ തിരിച്ചുപിടിക്കുവാനും പഞ്ചായത്തിന് പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ കഴിയുകയും ചെയ്യും. കേന്ദ്ര-സംസ്ഥാന സർക്കാരുകളും റിസർവ് ബാങ്കും (RBI) പുനഃസംഘടനയ്ക്ക് അനുമതി നൽകുന്ന വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്, പ്രത്യേകിച്ച് പൊതു പദ്ധതികൾക്ക് സാമ്പത്തിക സമ്മർദ്ദം നേരിടുമ്പോൾ. വായ്പയുടെ കാലാവധി നീട്ടൽ, പലിശ നിരക്ക് കുറയ്ക്കൽ, തിരിച്ചടവ് തുക കുറയ്ക്കൽ, ഗ്രേസ് പിരീഡ് എന്നിവ പ്രധാന പുനഃസംഘടന മാർഗങ്ങൾ ആയി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സമ്മർദ്ദാസ്തികളുടെ പരിഹാരത്തിനുള്ള പ്രുഡെൻഷ്യൽ ഫ്രെയിംവർക്ക് (Prudential Framework For Resolution Of Stressed Assets) എന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) പുറപ്പെടുവിച്ച വായ്പ തിരിച്ചടവ് വീഴ്ചകളും സമ്മർദ്ദത്തിലായ ആസ്തികളും കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. പ്രകൃതി ദുരന്തങ്ങളും, മഹാമാരികൾ, മറ്റു അനിയന്ത്രിതമായ സാഹചര്യങ്ങൾ എന്നിവ സംഭവിക്കുമ്പോൾ വായ്പ്പക്കാർക്ക് സധൈര്യം വായ്പ നൽകിയ സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണ് എന്ന വസ്തുത പഞ്ചായത്തിനെ ഓർമ്മപ്പെടുത്തുന്നു കൂടുതൽ വിവരങ്ങൾക്ക് 07-06-2019 തീയതിയിലെ RBI/2018-19/203 നമ്പർ സർക്കുലർ കാണുക.

8. ലീസ് ടെർമിനേഷൻ ക്ലോസ് കരാർ പ്രകാരമുള്ള വാടക തുക യഥാസമയം പഞ്ചായത്തിന് ലഭിക്കാത്ത സാഹചര്യം വന്നാൽ വാടക കരാർ അവസാനിപ്പിക്കുവാൻ ലീസ് ടെർമിനേഷൻ ക്ലോസ് 12 വ്യവസ്ഥ ചെയ്തിട്ടുണ്ട് ലീസ് അവസാനിപ്പിക്കൽ തുടങ്ങിയ വ്യവസ്ഥകൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. അങ്ങനെ ലീസ് അവസാനിപ്പിക്കുന്ന സാഹചര്യം ഉണ്ടായാൽ നഷ്ടപ്പെട്ട വരുമാനം നിയമപരമായ നടപടികൾ വഴി തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ് .

## 1-30 ജൽജീവൻ മിഷൻ പദ്ധതി

എല്ലാ ഗ്രാമീണ വീടുകളിലും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെ പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം = 50:50
സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം = 15 %
ഗുണഭോക്തൃ വിഹിതം = 10 %

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണ്ക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം. 37/2020/തീ 08.06.2020 ഉത്തരവു പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്ത ഭരണാനുമതി നൽകുകയും നിർവ്വഹണ സംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പായം ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ:

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ പൂർത്തിയാവാത്ത സാഹചര്യത്തിൽ ഇംപ്ലിമെന്റേഷൻ സപ്പോർട്ടിംഗ് ഏജൻസിയുടെ (ISA) പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോവേണ്ട അവസ്ഥയുള്ളതിനാൽ ജലജീവൻ മിഷൻ നിഷ്കർഷിക്കുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ ISA യുടെ പ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ 2021 ഒക്ടോബർ മുതൽ 2023 ഏപ്രിൽ വരെ ISA ആയ ജീവൻജ്യോതിയുമായി നിലവിലുള്ള ത്രികക്ഷി കരാർ പുതുക്കുന്നതിനും

2024 ഏപ്രിൽ 30 വരെ നീട്ടി നൽകുന്നതിനും 13.06.2023-ന് നടന്ന ഭരണസമിതി യോഗത്തിൽ (3/65/2023 നമ്പർ തീരുമാനം) തീരുമാനിച്ചു.

ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ഇതേവരെ തുകയൊന്നും ഈടാക്കിയിട്ടില്ല. 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്ഥാപന വിഹിതമോ ഗുണഭോക്തൃ വിഹിതമോ ആയി തുകയൊന്നും തന്നെ കൈമാറിയിട്ടില്ല. ആയതുകൊണ്ടുതന്നെ പദ്ധതി പ്രവർത്തനങ്ങളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടി പൊളിച്ച, ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി KWA തന്നെയാണ് നിർവ്വഹിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## 1-31 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം.

ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ 15(2) FC-XV/FCD/2020-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്.

| നം. | ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര് |
|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ്<br>(Ii) പി.എച്ച്.സി. |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. |

ഓരോ സ്കീമിലേക്കും ഉള്ള ഗ്രാന്റിന്റെ ഇടപാടുകൾ നടത്തുന്നത്പി.എഫ്.എം.എസുമായി ലിങ്ക് ചെയ്ത പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ മുഖാന്തിരമാണ്.

പായം ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

പായം ഗ്രാമപഞ്ചായത്തിൽ വള്ളിത്തോട് ൽ സ്ഥിതിചെയ്യുന്ന ഒരു പ്രാഥമികാരോഗ്യ/കുടുംബാരോഗ്യ കേന്ദ്രവും, കുന്നോത്ത്, വിളമന, പെരുവംപറമ്പ, പായം, വള്ളിത്തോട് എന്നീ അഞ്ചു ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 28781 ആണ്. 18 വാർഡുകളിലായി ആകെ 9126 വീടുകളാണുള്ളത്. പായം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകകളുടെയും അവയുടെ വിനിയോഗവും സംബന്ധിച്ച സംക്ഷിപ്ത വിവരം താഴെ കാണും പ്രകാരമാണ്.

1. സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.

(I) സബ് സെന്റേഴ്സ്

(Ii) പി.എച്ച്.സി.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2021 - 22 | 0 | 0 |
| 2 | 2022 -23 | 2,64,733 | 2,63,508 |
| 3 | 2023-24 | 9,63,000 | 8,33,305 |
| 4 | 2024-25 | 4,02,000 | 00 |

2022-23-ൽ സബ് സെന്ററുകളിലേക്ക് രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തുവാൻ ആവശ്യമായ ഉപകരണങ്ങളും, അനുബന്ധ ഫർണിറ്ററുകളും വാങ്ങി. 2023-24 സാമ്പത്തിക വർഷത്തിൽ 5 സബ്സെന്ററുകളിലേക്കും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ മുന്നോടിയായി കീ ബോർഡ്, മൗസ് മറ്റ് അനുബന്ധ സാധനങ്ങൾ വാങ്ങി.

2. ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.

2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുടുംബാരോഗ്യകേന്ദ്രം, സബ്സെന്റർ നിർമ്മാണത്തിനായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല

3. കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2021 - 22 | 0 | 0 |
| 2 | 2022 -23 | 1,35,000 | 1,34,459 |
| 3 | 2023-24 | 4,01,000 | 3,92,765 |
| 4 | 2024-25 | 6,38,000 | 00 |

2024-25 വർഷത്തിൽ ₹1220667 നീക്കിയിരിപ്പുണ്ട്(കേരള ഗ്രാമീൺ ബാങ്ക് , മാടത്തിൽ ,അക്കൗണ്ട് നമ്പർ:40487101067996, 40487101068001).
2022-23-ൽ സബ് സെന്ററുകളിലേക്ക് ആവശ്യമായ റിയേജന്റ്സ്, ലാബ് ഉപകരണങ്ങൾ, ലാൻസലെറ്റ്, സ്ലിപ്പ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരോഗ്യമേഖലയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഹെൽത്ത് ഗ്രാന്റ് പരമാവധി പ്രയോജനപ്പെടുത്തുവാൻ പായം ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

മെഡിസെപ് പ്രീമിയം അടവാക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു

**എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 17 | 97500 | 97500 | 0 | * |

* ഓഗസ്റ്റ്, സപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ 16 പേരും ജനുവരിയിൽ 15 പേരുമാണുണ്ടായിരുന്നത്. 7.2.25-ന് ജോയിൻ ചെയ്ത അഞ്ജലി, 18.2.25-ന് ജോയിൻ ചെയ്ത ശ്രീ അഖിലേഷ് പി.കെ എന്നവരുടെ മെഡിസപ്പ് ഐ.ഡി. ലഭ്യമായത 04.06.2025-നാണ്. ഇവരിൽ നിന്ന് ഈടാക്കിയ ഫെബ്രുവരിയിലെ 1000 രൂപ അടവാക്കാൻ ബാക്കിയാണ്. 2024 ഒക്ടോബർ മാസം സ്ഥലം മാറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച അനു ടി.ജി. സീനിയർ ക്ലാർക്കിൽ നിന്നും ഈടാക്കിയ മെഡിസെപ്പ് തുക 500 രൂപ ആയത് കണ്ണൂർ കൊർപ്പറേഷനിൽ നിന്നും ഈടാക്കിയിട്ടുണ്ട് എന്നറിയച്ചതിൽ തുക തിരികെ ജീവനക്കാരിക്ക് നൽകുകയും 97000 രൂപ ട്രഷറിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |

**സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 2 | ഫിബ്രവരി | 2000 | 0 | 2000 | 7-2-2025ന് ക്ലാർക്ക് തസ്തികയിൽ പുതുതായി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി അഞ്ജലിയുടെ മെഡിസെപ് ഐ ഡി ലഭ്യമായത് 4-6-2025 നാണ്. കൂടാതെ റവന്യൂ വിഭാഗത്തിലെ വി എഫ് ഒ തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത് 18-2-2025ന് ക്ലാർക്ക് തസ്തികയിൽ ജോയിൻ ചെയ്ത അഖിലേഷ് പികെ എന്നവരുടെ മെഡിസെപ് ഐ ഡി പഞ്ചായത്ത് വകുപ്പിന് കീഴിൽ കൊണ്ടുവന്നത് 4-6-2025 നാണ്. ഇവരിൽ നിന്നും ഈടാക്കിയ തുക അടവാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കൂടാതെ 7/22മുതലുള്ള കുടിശ്ശിക അടവാക്കുന്നതിന് അവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | എന്ന് അറിയിച്ചിട്ടുണ്ട്. |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 24.06.2025 മുതൽ 25.06.2025 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ/ സി.12/1116/2025 തീയതി: 27.09.2025 |

## 4-3 സംയുക്തപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **150000** | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പ് (2/25) | **150000** | 0 |
| 2 | ജില്ലാ പഞ്ചായത്ത് | **150000** | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പ് (2/25) | **150000** | 0 |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **137000** | നെറ്റ് സീറോ കാർബൺ നെൽകൃഷി വികസനം - പാടശേഖരം (45/25) | **137000** | 0 |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **194202** | സാന്ത്വന പരിചരണം (58/25) | **194202** | 0 |
| 5 | ജില്ലാ പഞ്ചായത്ത് | **344945** | സാന്ത്വന പരിചരണം (58/25) | **344945** | 0 |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **900000** | ലൈഫ് ഭവന പദ്ധതി ജനറൽ (68/25) | **900000** | 0 |
| 7 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **1000000** | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികവർഗം (154/25) | **1000000** | 0 |
| 8 | ജില്ലാ പഞ്ചായത്ത് | **600000** | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികവർഗം (154/25) | **600000** | 0 |
| 9 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **500000** | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (161/25) | **500000** | 0 |
| 10 | ജില്ലാ പഞ്ചായത്ത് | **186172** | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (161/25) | **186172** | 0 |
| 11 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **200000** | ലൈഫ് ഭവന പദ്ധതി പട്ടികജാതി (163/25) | **200000** | 0 |
| 12 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **41009** | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (182/25) | **41009** | 0 |
| 13 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | **200000** | പെരുമ്പറമ്പ് ഇക്കോ പാർക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ (270/25) | **200000** | **0** |
| 14 | ജില്ലാ പഞ്ചായത്ത് | **2000000** | പെരുമ്പറമ്പ് ഇക്കോ പാർക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ (270/25) | **2000000** | |
| 15 | ജില്ലാ പഞ്ചായത്ത് | **900000** | പായം ബാംബൂ ഗ്രാമം - ഗ്രൂപ്പ് സംരംഭം (188/25) | **900000** | |

| | | | | | |
|---|---|---|---|---|---|
| 16 | ജില്ലാ പഞ്ചായത്ത് | **639840** | വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ (191/25) | **639840** | 0 |
| 17 | ജില്ലാ പഞ്ചായത്ത് | **230800** | ചീങ്ങാകുണ്ടം കരിമ്പാല കോളനി കുടിവെള്ള പദ്ധതി (232/25) | **230800** | 0 |
| | ബ്ലോക്ക് പഞ്ചായത്ത് ആകെ = 3322211 | | ജില്ലാ പഞ്ചായത്ത് ആകെ = 5051757 | | |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-6 വായ്പ /വായ്പാതിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായപയിനത്തിൽ 1,99,18,144 രൂപ വരവുണ്ട്. വായ്പ വരവിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പത്തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (2024-25 വർഷത്തെ ഉൾപ്പെടെ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷഥ തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കല്ലുമുട്ടി ഷോപ്പിംഗ് കോംപ്ലക്സ് KURDFC | സ.ഉ.(സാധാ)നം. 882/2018/ തസ്വഭവ തീയതി 28.03.2018 | 45677311 | 20059050 | 15190944 | 7648193 | 2555335 | 25046466 |
| ലൈഫ് മിഷൻ ഭവന പദ്ധതി (HUDCO) | - | 15787200 | 6057354 | 4727200 | 1367514 | - | 9417040 |

## 4-7 സ്ഥിര നിക്ഷേപം

| വർഷം | **2024-25** |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1005000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 90000 |
| ആകെ | 1095000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1095000 |

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | പലിശ നിരക്ക് |
|---|---|---|---|---|
| 1 | സ്ഥിര നിക്ഷേപം - ഇരിട്ടി | 1090000 | 11.2.2026 | 8.25% |

| | | | | |
|---|---|---|---|---|
| | കോ-ഓപ് റൂറൽ ബാങ്ക് (1000000+ Interest 90000) Rt No. 0302111701452 06.05.2025 W.E.F 11.2.2025 | | | |
| 2 | D Class Share- AKG Memorial Hospital Kannur Certificate No. 24 W.E.F 23.06.2015 | 5000 | - | - |

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4752 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2022-23 | 1-16(3) | 4752 | ഫൈസൽ പി.എസ് ബിസ്മില്ല ഹോട്ടൽ | 1240100271-30.04.2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-1 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാനാവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1998-99 | 2-IV-1 | - | - | പൊതുമരാമത്ത് പണിക്കാവശ്യമായ സാമഗ്രികൾ അധിക വിലയ്ക്ക് ശേഖരിക്കുന്നു | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 1 | 2014-15 | 2-4 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2 | 2014-15 | 2-1 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-10 ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹) | : | ₹ 74999251 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹) | : | ₹ 74224453 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | : | 3315372 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-13 | ₹100000 | ശ്രീ മധു എം.പി., സെക്രട്ടറി |
| 1-14 | ₹89358 | ഡോ.നിഷ പി., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-16 | ₹304827 | ഡോ.നിട്ടു തോമസ്,<br>മെഡിക്കൽ ഓഫീസർ(FHC) |
| 1-17 | ₹35476 | ഡോ.നിട്ടു തോമസ്,<br>മെഡിക്കൽ ഓഫീസർ(FHC) |
| 1-18 | ₹1099999 | ഡോ.നിട്ടു തോമസ്,<br>മെഡിക്കൽ ഓഫീസർ(FHC) |
| 1-19 | ₹100000 | ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-20 | ₹97600 | ശ്രീ മധു എം.പി., സെക്രട്ടറി |
| 1-21 | ₹89000 | ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-22 | ₹367812 | ₹46548-ശ്രീ മധു എം.പി., സെക്രട്ടറി<br>₹21264-ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ്<br>₹300000-ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-23 | ₹100000 | ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | ₹99800 | ശ്രീ മധു എം.പി., സെക്രട്ടറി |
| 1-25 | ₹500000 | ശ്രീമതി അശ്വതി പി.,<br>കൃഷി ഓഫീസർ |
| 1-27 | ₹331500 | ശ്രീ. മധു എം.പി, സെക്രട്ടറി |
| ആകെ | ₹3315372 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മധു എം.പി., സെക്രട്ടറി | സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത് (അവധിയിൽ) | മേലേതിൽ ഹൌസ്<br>മൈലപ്ര ടൌൺ പി.ഒ<br>പത്തനംതിട്ട<br>689678 |
| ശ്രീ സന്തോഷ് കെ.ജി., സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി. സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത് | കല്ലൻതോട്ടത്തിൽ ഹൗസ്, അത്തിക്കൽ, വെളിമാനം പി.ഒ, 670704, കണ്ണൂർ |
| ഡോ. നിട്ടു തോമസ്, മെഡിക്കൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വള്ളിത്തോട് | മുകളേൽ ഹൌസ്, കേയാപറമ്പ് ഉളിക്കൽ പി.ഒ, 670705, കണ്ണൂർ |

| | | |
|---|---|---|
| ഓഫീസർ(FHC) | | |
| ഡോ.നിഷ പി., മെഡിക്കൽ ഓഫീസർ(GHD) | മെഡിക്കൽ ഓഫീസർ(GHD), പായം ഗ്രാമപഞ്ചായത്ത്. | പാല ഹൗസ്, പൂക്കോട് പി.ഒ., കണ്ണൂർ-670691 |
| ശ്രീമതി അശ്വതി പി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, പായം ഗ്രാ.പ. | അറക്കൽ ഹൌസ് കുന്നോത്ത് കിളിയന്തറ പി.ഒ, കണ്ണൂർ. |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 3 |
| 2000-01(പ്ലാൻ) | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 2 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 2 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 2 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 3 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 3 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 4 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 6 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 2 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 7 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.12/739/2025 തീയതി: 09.06.2025 | 10 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.10/63/2024 തീയതി: 14.02.2024 | 35 |

| | | |
|---|---|---|
| 2023-24 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.12/1897/24<br>തീയ്യതി: 10.02.2025 | 33 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 107/2025 dated 27-05-2025 and submitted on 27-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Payam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Payam Grama Panchayat as on 31-03-2025

**Date: 27/09/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Payam Grama Panchayat for the Year 2024-2025 .

**1.Major Observations**

Nil

**2.Other Observations**

1. The net increase/decrease in cashflow does not align with the variance between the opening and closing balances of cash and cash equivalents.

2. Basic ratios not included in AFS

3. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement.
4. Comparitive amounts for the preceding year ,prescribed in 2011 Kerala Panchayat Raj accounting rules not recorded.

5.Asset register is incomplete.

6. Details of part bill amount disbursed not reflected in the AFS.

7. Actual closing balance amount in respect of ICDS not tallied with B-4 schedule.

8. Advance amount not adjusted.
9. Journal Voucher not available for verification

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീറ്റ്& പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Payam Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16411406.00 |
| Cash | Cash | RP-40(a) | 325207.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1740690.00 |
| 140000000 | Fees & User Charges | RP-4 | 5586392.00 |
| 150000000 | Sale & Hire Charges | RP-5 | 38888.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19624032.00 |
| 171000000 | Interest Earned | RP-9 | 216288.00 |
| 190000000 | Prior Period Income | RP-11 | 32096.00 |
| 311000000 | Earmarked Funds | RP-28 | 3957.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20901570.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10249116.00 |
| 460000000 | Loans, Advances and Deposits | RP-49 | 60451.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3170.00 |
| 330000000 | Secured Loans | RP-31 | 15190944.00 |
| 340000000 | Deposits Received | RP-33 | 367138.00 |
| 350000000 | Other Liabilities | RP-35 | 984519.00 |
| | **Grand total** | | **91735864.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 55875.00 |
| 311000000 | Earmarked Funds | RP-28 | 59.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 291910.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4987643.00 |
| 460000000 | Loans, Advances and Deposits | RP-49 | 955598.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 1414815.00 |
| 350000000 | Other Liabilities | RP-35 | 66518553.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17319404.00 |
| Cash | Cash | RP-40(b) | 192007.00 |
| | **Grand Total** | | **91735864.00** |

## അനുബന്ധം 3-2

# ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

**Payam Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10959660.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 80640.00 |
| 140000000 | Fee & User Charges | I-4 | 6988668.00 |
| 150000000 | Sale & Hire Charges | I-5 | 38888.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 220030720.00 |
| 170000000 | Income from Investments | I-7 | 90000.00 |
| 171000000 | Interest Earned | I-8 | 216288.00 |
| 180000000 | Other Income | I-9 | 3170.00 |
| | **Total Income** | | **238408034.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14392334.00 |
| 220000000 | Administrative Expenses | I-11 | 2442519.00 |
| 230000000 | Operations & Maintenance | I-12 | 2737949.00 |
| 240000000 | Interest & Finance Charges | I-13 | 2556600.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7099069.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 38874504.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 26426184.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 43119465.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 80998873.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 3179153.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 25033.00 |

| | | | |
|---|---|---|---|
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 31944730.00 |
| 2900000000 | Pror period Income | I-18 | 2468597.00 |
| | Prior period Expenditure | I-19 | 5884637 |
| | **Total Expenditure** | | **253796413.00** |
| | | | **-21804419.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2468597.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | I-19 - I-18 | 6416040.00 |
| | **Gross Surplus / Deficit of income over Expenditure** | | 21804419.00 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| Payam Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -14616809.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 41726.00 |
| 312000000 | Reserves | B-3 | 119039104.00 |
| | **Total Reserve & Surplus** | | **104464021.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13363628.00 |
| | **Total Grants, Contributions for Specific Purposes** | | **13363628.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 34463506.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **34463506.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 805227.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1700238.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2505465.00** |
| | **TOTAL LIABILITIES** | | **154796620.00** |
| | **ASSETS** | | |
| | **Fixed Assets** | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 3861026.00 |
| 412000000 | Capital Work in Progress | B-11(b) | 7071559.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1120727.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 60148150.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 205906536.00 |
| 416000000 | Accumulated Depreciation | B-11(a) | -157304805.00 |
| | **Total Fixed Assets** | | **120803193.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1095000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **1095000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5391623.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 17511411.00 |
| 460000000 | Loans, Advances and Deposits | B-18 | 9995393.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **32898427.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **154796620.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.